(ബി) ഇതോടനുബന്ധിച്ച് ആശുപത്രി ജീവനക്കാരുടെ പേരിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി, സി) കേസുകൾ രജിസ്റ്റർ ചെയ്ത് ക്രൈംബ്രാഞ്ച് അന്വേഷിക്കുന്നുണ്ട്. ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർക്കെതിരെ സസ്പെൻഷൻ നടക്കും ഡിപ്പാർട്ടുമെന്റൽ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

എൻ. വി. കുര്യാക്കോസിന്റെ കൊലപ്പെടുത്തിയത് സംബന്ധിച്ച്

178. [247] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂവാറ്റുപുഴ തോട്ടക്കര-പണ്ടപ്പിള്ളി കനാൽ ഭൂ ഉടമ സംഘത്തിന്റെ സെക്രട്ടറിയായിരുന്ന എൻ. വി. കുര്യാക്കോസിനെ 14-1-1986-ൽ കൊലപ്പെടുത്തിയത് സംബന്ധിച്ച് മൂവാറ്റുപുഴ പോലീസ് കേസ് ചാർജ് ചെയ്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആരെല്ലാമാണ് പ്രതികൾ ;

(സി) 25-5-1984-ൽ സ്വന്തം വീട്ടിൽ വെച്ച് ഇതേ കുര്യാക്കോസിനെ കൊലപ്പെടുത്താൻ ശ്രമിച്ചതിന് 51/85-ാം നമ്പരായി മൂവാറ്റുപുഴ പോലീസ് കേസ് എടുത്തിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ആരെല്ലാമാണ് പ്രതികൾ ;

(ഇ) മരിച്ച കുര്യാക്കോസ് 30-9-1985-ൽ മൂവാറ്റുപുഴ ഡി. വൈ. എസ്. പി. ക്ക് സ്വന്തം കൈപ്പടയിൽ പരാതി നൽകിയിട്ടുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ കൊലപാതക ശ്രമത്തിൽ ഉണ്ടായിരുന്നുവെന്ന് അതിൽ രേഖപ്പെടുത്തിയിരുന്നവർ ആരെല്ലാം ;

(ജി) മേൽപ്പറഞ്ഞ രണ്ടു കേസുകളിൽ നിന്നും പോലീസ് ഇവരെ ഒഴിവാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഒഴിവാക്കാനുണ്ടായ കാരണം വ്യക്തമാക്കാമോ ;

(എച്ച്) കുര്യാക്കോസ് കൊലക്കേസ് അന്വേഷണം സി. ബി. ഐ. ക്ക് വിട്ടുകൊടുക്കുവാൻ തയ്യാറാകുമോ ?

ഉത്തരം

(എ) മൂവാറ്റുപുഴ പോലീസ് രജിസ്റ്റർ ചെയ്ത കേസ് ഇപ്പോൾ ക്രൈംബ്രാഞ്ച് ഏറ്റെടുത്ത് അന്വേഷണം നടത്തി വരികയാണ്.

(ബി) പ്രതികൾ താഴെ പറയുന്നവരാണ്.

1. തോമസ് മകൻ കുര്യാക്കോസ്.
2. വർക്കി മകൻ കുഞ്ഞ് എന്നു വിളിക്കുന്ന കുര്യൻ.
3. പൗലോസ് മകൻ എൽദോ എന്നു വിളിക്കുന്ന ജോർജ്.
4. ദേവസ്യാ മകൻ പോൾ.
5. ഉലഹന്നാൻ മകൻ അലിയൻ എന്നു വിളിക്കുന്ന ജോസഫ്.

(സി) ഈ സംഭവത്തിന് മൂവാറ്റുപുഴ പോലീസ് ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പ്രതികൾ താഴെ പറയുന്നവരാണ്.

1. വർക്കി മകൻ കുര്യൻ.
2. വർക്കി മകൻ തോമസ്.
3. വർക്കി മകൻ റോയി.
4. സ്കറിയാ മകൻ ആൻറണി.
5. കുര്യൻ മകൻ വർക്കി.
6. തോമസ് മകൻ ഫ്രാൻസീസ്.
7. വർക്കി മകൻ മാമ്പൽ.

(ഇ) ഇല്ല.

(എഫ്) ഉദിക്കുന്നില്ല.

(ജി) ആരെയും ഒഴിവാക്കിയിട്ടില്ല.

(എച്ച്) സി. ബി. ഐ.-ക്ക് ഇങ്ങനെയുള്ള കേസുകൾ കൈമാറാം പറ്റുന്നവയല്ല.

## ദേവാലയ മോഷണങ്ങൾ

179. [248] ശ്രീ. കെ. പുരുഷോത്തമൻ :
,, വി. എസ്. ചന്ദ്രശേഖരൻ പിള്ള :
ശ്രീമതി കെ. ആർ. ഗൗരി :
ശ്രീ. ടി. കെ. അബ്ദു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തുള്ള എത്ര ദേവാലയങ്ങളിൽ മോഷണം നടന്നിട്ടുണ്ട് ;

(ബി) ഇവയിൽ എത്ര അമ്പലങ്ങൾ, എത്ര മുസ്ലീം പള്ളികൾ, എത്ര ക്രിസ്ത്യൻ പള്ളികൾ ;

(സി) ദേവാലയ മോഷണങ്ങളുമായി ബന്ധപ്പെട്ട് ഇതിനകം എത്ര കേസുകൾ രജിസ്റ്റർ ചെയ്തു ;

(ഡി) എത്രപേരെ അറസ്റ്റു ചെയ്തു ;

(ഇ) എത്രപേരെ വിവിധ കേസുകളിലായി ശിക്ഷിച്ചു ;

(എഫ്) ദേവാലയ മോഷണ കേസുകളുമായി ബന്ധപ്പെട്ട് ഏതെങ്കിലും കേസുകളിൽ ആരെയെങ്കിലും പിടികിട്ടാനുണ്ടോ ;

(ജി) ഉണ്ടെങ്കിൽ ഏതെല്ലാം കേസുകളിൽ ആരെയെല്ലാം ?

## ഉത്തരം

(എ, ബി, സി) 5-9-1985-ൽ മറുപടി പറഞ്ഞ 178-ാം നമ്പർ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യത്തിന് മറുപടിയായി 23-8-1985 വരെയുള്ള വിവരം നൽകിയിട്ടുണ്ട്. 23-8-1985-നു ശേഷമുള്ള വിവരം ശേഖരിച്ചു വരുന്നു.

(ഡി, ഇ) വിവരം ശേഖരിച്ചുവരുന്നു.

(എഫ്) ഉണ്ട്.

(ജി) വിവരം ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly